"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.ഇഇ4/2/2026/ഇലക്

ഇലക്ഷൻ (എക്യുപ്മെന്റ്) വകുപ്പ്,
നിയമസഭാ കോംപ്ലക്സ്,
വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം-695033.
തീയതി:28-02-2026
ഫോൺനം.0471-2300121.
ഇ-മെയിൽ:electioneqpt@gmail.com

**പുനർ ദർഘാസ് പരസ്യം**

ഇലക്ഷൻ വകുപ്പിലെ ഹാളിലെ 10 ജനാലകളിലും (3 പാളികൾ വീതമുള്ള) 2 വാതിലുകളിലും കർട്ടനുകൾ സ്ഥാപിക്കുന്നതിനായി താത്പര്യമുള്ള സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും മുദ്രവച്ച കവറിൽ ക്വട്ടേഷനുകൾക്ഷണിയ്ക്കുന്നു.

മുദ്രവച്ച കവറുകളിലെ ക്വട്ടേഷൻ 06.03.2026 ാം തീയതി വൈകുന്നേരം 04.00 മണിയ്ക്കകം ഇലക്ഷൻ വകുപ്പിൽ ലഭിയ്ക്കേണ്ടതാണ്. ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ അന്നേദിവസം വൈകുന്നേരം 04.30 മണിയ്ക്ക് തുറന്നു പരിശോധിയ്ക്കുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിച്ചവർക്കോ അവരുടെ പ്രതിനിധികൾക്കോ അന്നേരം ഹാജരാകാവുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം രാവിലെ 11.00 മണിയ്ക്ക് ക്വട്ടേഷനുകൾ തുറന്നു പരിശോധിയ്ക്കുന്നതാണ്. "ഇലക്ഷൻ വകുപ്പിലെ വിൻഡോകളിൽ കർട്ടൻ സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് ക്വട്ടേഷനിലും ക്വട്ടേഷൻഉള്ളടക്കം ചെയ്യുന്ന മുദ്രവച്ച കവറിലും രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 06.03.2026 ാം തീയതിയ്ക്ക് മുമ്പുള്ള പ്രവർത്തി ദിവസങ്ങളിൽ ഈ വകുപ്പിനെ സമീപിക്കാവുന്നതും കർട്ടൻ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള പരിശോധന നടത്താവുന്നതുമാണ്. ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ ഒരു കാരണവും കൂടാതെ സ്വീകരിക്കുന്നതിനോ, നിരസിക്കുന്നതിനോ, മാറ്റിവയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം ചുവടെ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്ന ഓഫീസർക്കുണ്ടായിരിക്കുന്നതാണ്. സമയപരിധിയ്ക്കുശേഷം ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

വിശ്വസ്തതയോടെ,
അനീഷ് റ്റി
ADDITIONAL SECRETARY & ADDITIONAL CHIEF ELECTORAL OFFICER
മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ & സെക്രട്ടറിക്കുവേണ്ടി.

ഇലക്ഷൻ ഐ.റ്റി. വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോട്ടീസ് ബോർഡ്.
കരുതൽ ഫയൽ